## നഷ്ടപരിഹാരത്തിനുള്ള പലിശ 12%: അത് കുറയ്ക്കാൻ കമ്മീഷണർക്ക് അധികാരമില്ല

### അലഹബാദ് ഹൈക്കോടതി

F.A.F.O. No. 1673/2020 Dt. 10.12.2020

ശിവ് ലാൽ x വിവേക് ശങ്കർ ഗുപ്ത

വിവേക് ശങ്കർ ഗുപ്ത എന്നയാളുടെ വാഹനത്തിന്റെ ഡ്രൈവറായി ജോലി ചെയ്തുകൊണ്ടിരുന്ന തൊഴിലാളി വാഹനാപകടത്തിൽ പരിക്കുപറ്റിയതിനെത്തുടർന്ന് മരണമടഞ്ഞു. മരിച്ച തൊഴിലാളിയുടെ ആശ്രിതർ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. തൊഴിലപകടം മൂലമാണ് തൊഴിലാളി മരിച്ചതെന്ന് വിലയിരുത്തിയ കമ്മീഷണർ വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനി ആശ്രിതർക്ക് 8,28,852 രൂപ 9% പലിശ സഹിതം നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ അന്തരിച്ച തൊഴിലാളിയുടെ ആശ്രിതർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. നഷ്ടപരിഹാര തുകയ്ക്ക് കുറഞ്ഞത് 12% പലിശ നല്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കെ കമ്മീഷണർ 9% പലിശ മാത്രം അനുവദിച്ചത് തെറ്റും നിയമവിരുദ്ധവും അധികാര പരിധിക്കപ്പുറമുള്ള നടപടിയുമാണെന്നും ആശ്രിതർ വാദിച്ചു. കുറഞ്ഞത് 12% പലിശ നല്കണമെന്നത് നിർബ്ബന്ധിത വ്യവസ്ഥയല്ലെന്നും നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഗണ്യമായി കുറഞ്ഞ ഈ കാലഘട്ടത്തിൽ 9% പലിശ നല്കണമെന്ന് കമ്മീഷണർ ഉത്തരവിട്ടതിൽ തെറ്റില്ലെന്നും വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനി വാദിച്ചു. വായ്പാ പലിശ നിരക്കിനേക്കാൾ കൂടാത്തവിധം 12 ശതമാനമോ അതിലധികമോ നിരക്കിൽ പലിശ നല്കാൻ നിർദ്ദേശിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് നിർബ്ബന്ധിത വ്യവസ്ഥയാണെന്നും അതിൽ കുറവ് വരുത്താൻ കമ്മീഷണർക്ക് അധികാരമില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. നഷ്ടപരിഹാര തുകയ്ക്ക് 9% പലിശ നല്കിയാൽ മതിയെന്ന് കമ്മീഷണർ ഉത്തരവിട്ടത് നിയമവിരുദ്ധവും അന്യായവുമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി കമ്മീഷണറുടെ ഉത്തരവ് ഭേദഗതി ചെയ്യുകയും അപകടം നടന്ന തീയതി കഴിഞ്ഞ് ഒരു മാസത്തിന് ശേഷം മുതൽ പണം നിക്ഷേപിക്കുന്ന തീയതി വരെ 12% പലിശ നല്കണമെന്ന് ഇൻഷുറൻസ് കമ്പനിയോട് നിർദ്ദേശിക്കുകയും ആശ്രിതരുടെ അപ്പീൽ അനുവദിക്കുകയും ചെയ്തു.